I ഇ.ബി. XIII – കേരള നിയമസഭ/II-22

# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2011 ഒക്ടോബർ 31, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**അറിയിപ്പ്**

**ടി.എം. ജേക്കബിന്റെ നിര്യാണം സംബന്ധിച്ച്**

മി. സ്പീക്കർ : ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി ടി.എം. ജേക്കബ് ഇന്നലെ രാത്രി 10.32-ന് എറണാകുളത്ത് ഒരു സ്വകാര്യ ആശുപത്രിയിൽ നിര്യാതനായ വിവരം അത്യന്തം ഹൃദയവേദനയോടെ സഭയെ അറിയിക്കുന്നു. പരേതന് ആദരാഞ്ജലികൾ അർപ്പിക്കുന്നതിന് അംഗങ്ങൾക്ക് സൗകര്യം ലഭിക്കുന്നതിനായി ഇന്നത്തെയും നാളത്തെയും സഭാനടപടികൾ മാറ്റിവയ്ക്കാവുന്നതാണ്. 2011 നവംബർ 2-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് സഭ ചേർന്ന് പരേതന്റെ നിര്യാണ ത്തിലുള്ള റഫറൻസ് നടത്തുന്നതാണ്. ഇന്നത്തേക്ക് നിശ്ചയിച്ചിട്ടുള്ള ഗവൺമെന്റ് ബിസിനസ്സുകൾ നവംബർ 3-ാം തീയതി പരിഗണിക്കാവുന്ന

താണ്. കാര്യോപദേശക സമിതിയുടെ യോഗം നവംബർ 2-ാം തീയതി ചേർന്ന് സഭയുടെ പുതുക്കിയ കാര്യപരിപാടികൾ തീരുമാനിക്കാവുന്നതാണ്. പരേതന് ആദരാഞ്ജലി അർപ്പിക്കുന്നതിന് അംഗങ്ങൾക്ക് നിയമസഭാ ഹോസ്റ്റ ലിൽനിന്നും ഇന്ന് രാവിലെ 11.00 മണിക്കും നാളെ രാവിലെ 5.00 മണിക്കും വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

സഭ രാവിലെ 8.32-ന് പിരിഞ്ഞു.

@@@@@@@